# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 502 — 25.10.2016- ൽ മറുപടിക്ക്

### പരമ്പരാഗത കൈത്തറി മേഖലക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പരമ്പരാഗത കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ സഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) പരമ്പരാഗത കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ താഴെ പറയുന്ന സഹായ പദ്ധതികളാണ് നിലവിലുള്ളത്.<br>1)മൂലധന സഹായ പദ്ധതികൾ<br>2)പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ<br>3)പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ<br>4)ഉൽപാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ |
| (ബി) പവ്വർലൂമുകളിൽ നിർമ്മിക്കുന്ന വസ്തുങ്ങൾ കൈത്തറിയെന്ന വ്യാജേന സഹകരണ സംഘങ്ങൾ മുഖേന വിപണനം ചെയ്യുന്നത് പരമ്പരാഗത മേഖലയ്ക്ക് തിരിച്ചടിയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) ഉണ്ട്. ഇത് തടയുന്നതിന് "ഹാന്റ്ലൂം മാർക്ക്", എംബ്ലം എന്നിവ പതിപ്പിച്ചിട്ടുള്ള ഉൽപന്നങ്ങൾ വാങ്ങുന്നതിന് വിപുലമായ പ്രചാരണം മാദ്ധ്യമങ്ങളിലൂടെ, കൈത്തറിയുടേയും ഹാന്റ്ലൂം മാർക്കിന്റേയും പരസ്യങ്ങൾ വഴി നൽകുന്നുണ്ട്. ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് സാമ്പത്തിക സഹായവും പത്രദൃശ്യ മാദ്ധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങളും നൽകി വരുന്നു. |
| (സി) പരമ്പരാഗത കൈത്തറി ഉൽപന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ, അന്താരാഷ്ട്രപ്രദർശനമേളകളിൽ പങ്കെടുക്കാൻ സഹായം നല്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) സഹായം നല്കുന്നുണ്ട്. ഇതിനായി വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ